REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 17-05-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **പാക് ഭീകരതയ്ക്കെതിരെ ഇന്ത്യയുടെ ശക്തമായ നിലപാട് വ്യക്തമാക്കാൻ വിവിധ രാജ്യങ്ങളിലേക്ക് സർവ്വകക്ഷി പ്രതിനിധി സംഘത്തെ അയയ്ക്കാൻ കേന്ദ്രഗവണ്മെന്റ് തീരുമാനം.**
- **ശാസ്ത്രവും സാങ്കേതിക വിദ്യയും കേവലമായ പഠന വിഷയങ്ങൾ മാത്രമല്ല ജീവിതത്തിന്റെ ഉപാധി കൂടിയായാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഇന്ത്യയുടെ രാജ്യരക്ഷാ രംഗത്ത് കെൽട്രോൺ കൂടുതൽ വിശ്വാസ്യത സൃഷ്ടിച്ചതായി മന്ത്രി P രാജീവ്.**
- **കോടതികൾ വിവരാവകാശ നിയമത്തിന് പുറത്തല്ലെന്നും റൂൾ 12 പ്രകാരം എല്ലാ വിവരങ്ങളും നിഷേധിക്കാനാവില്ലെന്നും സംസ്ഥാന വിവരാവകാശ കമ്മിഷൻ.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഇടിമിന്നലോട് കൂടി മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ പാക് ഭീകരതയ്ക്കെതിരെ ഇന്ത്യയുടെ ശക്തമായ നിലപാട് വ്യക്തമാക്കാൻ വിവിധ രാജ്യങ്ങളിലേക്ക് സർവ്വകക്ഷി പ്രതിനിധികളെ അയയ്ക്കാൻ കേന്ദ്രഗവണ്മെന്റ് തീരുമാനിച്ചു. UN സുരക്ഷാ കൗൺസിലിലെ അംഗരാജ്യങ്ങൾ ഉൾപ്പെടെ പ്രധാന രാജ്യങ്ങളിലേക്കാണ് ഏഴ് പ്രതിനിധികൾ ഉൾപ്പെടുന്ന സംഘത്തെ അയക്കുന്നത്.

കോൺഗ്രസ് MP ശശി തരൂർ, BJP MP രവിശങ്കർ പ്രസാദ്, JDU MP സഞ്ജയ് കുമാർ ഝാ, BJP MP ബൈജയന്ത് പാണ്ഡ, DMK MP കനിമൊഴി, NCP MP സുപ്രിയ സുലെ, ശിവസേന MP ശ്രീകാന്ത് ഏക്നാഥ് ഷിൻഡെ എന്നിവരാണ് പ്രതിനിധി സംഘത്തിൽ ഉൾപ്പെടുന്നത്.

✪✪✪

ഭീകരതയ്ക്കെതിരെ സഹിഷ്ണുതയില്ലാത്ത പോരാട്ടമാണ് ഇന്ത്യയുടേത് എന്ന സന്ദേശം സർവകക്ഷി പ്രതിനിധി സംഘാംഗങ്ങൾ വഹിക്കുമെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു. രാഷ്ട്രീയത്തിന് അതീതമായി ദേശീയ ഐക്യത്തിന്റെ ശക്തമായ പ്രതിഫലനമായി സർവ്വകക്ഷി സംഘം നിലകൊള്ളുമെന്നും കിരൺ റിജിജു ന്യൂഡൽഹിയിൽ അറിയിച്ചു. ഏറ്റവും പ്രധാനപ്പെട്ട നിമിഷങ്ങളിൽ ഭാരതം ഒറ്റക്കെട്ടായി നിൽക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

ഭീകരവാദത്തിനെതിരായ ഇന്ത്യൻ നിലപാട് ലോകരാജ്യങ്ങളോട് വിശദീകരിക്കാൻ വിദേശത്തേക്ക് അയക്കുന്ന പ്രതിനിധികളുടെ പേരുകൾ സമർപ്പിക്കാൻ പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പാർട്ടിയോട് ആവശ്യപ്പെട്ടതായി കോൺഗ്രസ് നേതാവ് ജയറാം രമേഷ് അറിയിച്ചു. ഇന്നലെ പാർട്ടി പ്രസിഡണ്ട് മല്ലികാർജ്ജുൻ ഖാർഗെയുമായും ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയുമായും ഇക്കാര്യം റിജിജു സംസാരിച്ചതായി ജയറാം രമേഷ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്, പരം വീര ചക്ര ജേതാവ്, റൈഫിൾമാൻ സഞ്ജയ് കുമാറിനെ അനുസ്മരിക്കുന്നു.

ഡെസ്ക് റിപ്പോർട്ട് ..........

....(VOICE)......

വോയ്സ് - പരം വീര ചക്ര പരമ്പര

ഹിമാചൽ പ്രദേശിലെ ബിലാസ്പൂർ ജില്ലക്കാരനായ റൈഫിൾമാൻ സഞ്ജയ് കുമാർ 1996 ൽ ജമ്മു കശ്മീർ റൈഫിൾസിലെ 13-ാം ബറ്റാലിയനിൽ ചേർന്നു. കർഗിൽ യുദ്ധസമയത്ത്, മുഷ്കോ താഴ്വരയിലെ പോയിന്റ് 4875 ലെ ഏരിയ ഫ്ലാറ്റ് ടോപ്പ് പിടിച്ചെടുക്കാൻ ചുമതലപ്പെടുത്തിയ ടീമിലെ പ്രധാനിയായിരുന്നു റൈഫിൾമാൻ സഞ്ജയ് കുമാർ. ആക്രമണത്തിനിടെ, സ്വന്തം സുരക്ഷയെ അവഗണിച്ച് ആയുധം ഉപയോഗിക്കാതെതന്നെ സഞ്ജയ് കുമാർ മൂന്ന് നുഴഞ്ഞുകയറ്റക്കാരെ വധിച്ചു. ഗുരുതരമായി പരിക്കേറ്റിട്ടും രണ്ടാമതും അദ്ദേഹം ശത്രുവിനെ ആക്രമിച്ചു. മെഷീൻ ഗൺ ഉപേക്ഷിച്ച് ഓടിയ ആക്രമിയെ, അതേ തോക്ക് ഉപയോഗിച്ച് സഞ്ജയ് കുമാർ വധിച്ചു. പ്രദേശം ശത്രുവിന്റെ കൈകളിൽ നിന്ന് അദ്ദേഹവും സംഘവും പിടിച്ചെടുത്തു.

ശത്രുവിനെ നേരിടുന്നതിൽ അസാമാന്യ ധീരതയും, സ്ഥൈര്യവും, കർത്തവ്യ നിർവഹണ സാമർത്ഥ്യവും പ്രകടിപ്പിച്ച റൈഫിൾമാൻ സഞ്ജയ് കുമാറിനെ രാഷ്ട്രം അഭിവാദ്യം ചെയ്യുന്നു. 2022 ഫെബ്രുവരിയിൽ, അദ്ദേഹത്തിന് സുബേദാർ മേജർ പദവി ലഭിച്ചു,

✪✪✪

രാജ്യത്തെ ധീരസേനാനികളെ ആദരിക്കാൻ സാംസ്കാരിക മന്ത്രാലയം ' ഒരു രാജ്യം, ഒരു ഹൃദയതാളം' എന്ന പരിപാടിയ്ക്ക് തുടക്കമിട്ടു. ഐക്യത്തിന്റെയും, ദേശസ്നേഹത്തിന്റെയും, ദേശീയ പതാകയുടെ ബഹുമാന്യതയുടെയും, സന്ദേശം ജനങ്ങളിലെത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. സാംസ്കാരിക വകുപ്പിനു കീഴിലെ 43 സ്ഥാപനങ്ങൾ ഇതിനകം പരിപാടി വൻ ജനപങ്കാളിത്തത്തോടെ സംഘടിപ്പിച്ചു കഴിഞ്ഞു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ വൻ സ്വീകാര്യതയാണ് പരിപാടിയ്ക്ക് ലഭിക്കുന്നത്.

✪✪✪

കശ്മീർ താഴ്വരയിലെ 11 സ്ഥലങ്ങളിൽ CRPF ന്റെ സഹായത്തോടെ സംസ്ഥാന കുറ്റാന്വേഷണ ഏജൻസികൾ ഭീകരവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് റെയ്ഡുകൾ നടത്തിയതായി അധികൃതർ അറിയിച്ചു. ശ്രീനഗർ, സോപ്പോർ, ബാരാമുള്ള തുടങ്ങിയ മേഖലകളിലാണ് റെയ്ഡ്. ഭീകരരെയും, സംരക്ഷണ കവചമൊരുക്കുന്നവരെയും, അനുഭാവികളെയും കണ്ടെത്തുന്നതിനാണ് റെയ്ഡ് എന്നും ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്നും സുരക്ഷാ അധികൃതർ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ പശ്ചാത്തല സൗകര്യങ്ങൾ ലോകനിലവാരത്തിലേക്ക് ഉയർത്താൻ കിഫ്ബിക്കൊപ്പം തദ്ദേശ ഭരണ വകുപ്പിനും, കിലയ്ക്കും കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണെന്ന് മന്ത്രി MB

രാജേഷ് അറിയിച്ചു. 254 സ്കൂളുകളുടെ നിർമ്മാണം സംസ്ഥാനത്ത് പുരോഗമിക്കുകയാണെന്നും, അടുത്ത മാർച്ചോടെ ഇതിൽ 190 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കാനാവുമെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. കിഫ്ബി സഹായത്തോടെ 2020 ൽ ഒരു കോടി രൂപ വീതം ചെലവിൽ 446 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തിയും, 2022 ൽ മൂന്ന് കോടി രൂപ വീതം ചെലവഴിച്ച് 200 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തിയും കില പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് ഏറ്റെടുത്തതായും മന്ത്രി വ്യക്തമാക്കി. കിഫ്ബിയുടെ മേൽനോട്ടത്തിലും ധനസഹായത്തിലുമാണ് ഈ പ്രവൃത്തികൾ നടക്കുന്നതെന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗം ആവശ്യമായ സഹായം നൽകുന്നുണ്ടെന്നും MB രാജേഷ് അറിയിച്ചു.

✪✪✪

കോടതികൾ വിവരാവകാശ നിയമത്തിന് പുറത്തല്ലെന്നും റൂൾ 12 പ്രകാരം എല്ലാ വിവരങ്ങളും നിഷേധിക്കാനാവില്ലെന്നും സംസ്ഥാന വിവരാവകാശ കമ്മിഷൻ വ്യക്തമാക്കി. തൃശൂർ ചാലക്കുടി മുൻസിഫ് കോടതിയിലെ വിവരാധികാരിക്കെതിരെ ലഭിച്ച പരാതി ഹരജി തീർപ്പാക്കിയാണ് കമ്മിഷന്റെ ഉത്തരവ്.

സംസ്ഥാനത്തെ ചില കോടതി ജീവനക്കാർ വിവരാവകാശ അപേക്ഷകൾ നിഷേധിക്കുന്നുണ്ടെന്നും ജുഡീഷ്യൽ പ്രൊസീഡിംഗ്സ് അല്ലാത്ത ഒരു വിവരവും നിഷേധിക്കാൻ പാടില്ലെന്നും സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. എ അബ്ദുൽ ഹക്കീം ഉത്തരവിട്ടു. സുപ്രീം കോടതിയും രാജ്യത്തെ പ്രധാന കോടതികളും നടപടികൾ തത്സമയം സംപ്രേഷണം ചെയ്യുമ്പോൾ കീഴ്കോടതികൾ, അപേക്ഷിക്കുന്ന വിവരങ്ങൾ പോലും നിഷേധിക്കുന്നത് കുറ്റകരവും ശിക്ഷാർഹവുമാണെന്ന് അദ്ദേഹം പറഞ്ഞു.

ജൂഡീഷ്യൽ ഓഫീസർമാരുടെ പരിഗണനയിൽ ഇരിക്കുന്നതും ജുഡീഷ്യൽ പ്രൊസീഡിംഗ്സും ഒഴികെ ബാക്കിയെല്ലാ വിവരങ്ങളും RTI പ്രകാരം ലഭിക്കാൻ പൗരന് അവകാശമുണ്ട്. 2021 ജൂണിലും ജൂലൈയിലും വടക്കാഞ്ചേരി മുൻസിഫ് കോടതിയിൽ നല്കിയ വിവരാവകാശ അപേക്ഷകൾ, റൂൾ 12 പ്രകാരം കോടതിവിവരങ്ങൾ പുറത്ത് നല്കാൻ കഴിയില്ലെന്ന വിശദീകരണത്തോടെ വിവരാധികാരി തള്ളിയിരുന്നു.

✪✪✪

പാലക്കാട് ചിറ്റൂർ താലൂക്ക് ആശുപത്രിയിലെ പുതിയ ബഹുനില കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഈ ഉദ്ഘാടനം ചെയ്യും. കിഫ്ബിയിലൂടെ 70 കോടി 51 ലക്ഷം രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

✪✪✪

LDF ഗവൺമെന്റിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് രൂപം നൽകുന്നതിന് സയൻസ് ആൻഡ് ടെക്നോളജി രംഗത്തെ പ്രമുഖരുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച ആരംഭിച്ചു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നേതൃത്വത്തിൽ 'പ്രൊഫഷണൽ കണക്ട് 2025' എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടി തിരുവനന്തപുരം ശങ്കരനാരായണൻ തമ്പി ഹാളിലാണ്.

✪✪✪

ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കോഴിക്കോട് ചെറുവണ്ണൂരിൽ നിർമിക്കുന്ന മേൽപ്പാലത്തിന്റെ പ്രവൃത്തി ഉദ്ഘാടനം, നാളെ വൈകിട്ട് അഞ്ചിന് മന്ത്രി PA മുഹമ്മദ് റിയാസ് നിർവ്വഹിക്കും. കലക്ടർ സ്നേഹിൽകുമാർ സിങ് മുഖ്യാതിഥിയാകും. സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 89 കോടി ചെലവിൽ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മേൽപാലം നിർമാണം.

പ്രവൃത്തി ഉദ്ഘാടനത്തിന് മുന്നോടിയായി വൈകിട്ട് കരുണ കേരള ബാങ്ക് ഭാഗത്തു നിന്നാരംഭിക്കുന്ന ഘോഷയാത്രയിൽ നാട്ടുകാരും ജനപ്രതിനിധികളും പങ്കെടുക്കും.

✪✪✪

രാജ്യത്തെ ആധാർ ഇടപാടുകൾ 150 ബില്യൺ മറികടന്നു. യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റിയുടെയും, വിപുലമായ ആധാർ ശൃംഖലയുടെയും ചരിത്രത്തിലെ നിർണായക നേട്ടമാണിത്. കഴിഞ്ഞ മാസമാണ് രാജ്യത്തെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ വളർച്ച പ്രകടമാക്കുന്ന നേട്ടം കൈവരിച്ചതെന്ന് ഇലക്ട്രോണിക്സ് ആന്റ് IT മന്ത്രാലയം അറിയിച്ചു.

✪✪✪

A.പ്രദീപ് കുമാറിനെ മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിച്ചു. കോഴിക്കോട് മുൻ MLA യും CPIM സംസ്ഥാന കമ്മറ്റി അംഗവുമാണ് പ്രദീപ് കുമാർ.

✪✪✪

ദോഹ ഡയമണ്ട് ലീഗിൽ ജാവലിൻ ത്രോയിൽ 90 മീറ്റർ മറികടന്നതിന് നീരജ് ചോപ്രയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. അചഞ്ചലമായ സമർപ്പണത്തിന്റെയും, അച്ചടക്കത്തിന്റെയും, അഭിനിവേശത്തിന്റെയും ഫലമാണ് അദ്ദേഹത്തിന്റെ നേട്ടമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. നീരജ് ചോപ്രയുടെ നേട്ടത്തിൽ ഇന്ത്യ വളരെയധികം അഭിമാനവും സന്തോഷവും അനുഭവിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ദീർഘകാലത്തെ പ്രവർത്തനപരിചയവും സാങ്കേതിക മികവും രാജ്യരക്ഷാ രംഗത്ത് കെൽട്രോണിന് കൂടുതൽ വിശ്വാസ്യത നൽകിയതായി മന്ത്രി P രാജീവ് അറിയിച്ചു. തുടർച്ചയായ ഓർഡറുകൾ കെൽട്രോണിനെ തേടിയെത്തുന്നതായി മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

പഹൽഗാം ഭീകരാക്രമണത്തിനെതിരായ ഇന്ത്യയുടെ പ്രതിരോധത്തിന് കരുത്തേകാൻ, കേരളത്തിന്റെ കെൽട്രോൺ ഉണ്ടായിരുന്നുവെന്നും രാജ്യം തദ്ദേശീയമായി നിർമ്മിച്ച ആദ്യ അന്തർവാഹിനിവേധ യുദ്ധക്കപ്പൽ INS അർണാലയുടെ പ്രധാന ഭാഗങ്ങൾ നിർമ്മിച്ചത് കെൽട്രോൺ ആണെന്നും മന്ത്രി പറഞ്ഞു. ഇതു കൂടാതെ കപ്പൽ തകർക്കുന്ന ബോംബ് കണ്ടെത്താനും നിർവീര്യമാക്കാനും കഴിയുന്ന മാരീച് ടോഡ് അറേ ഉൾപ്പെടെ ഉപകരണങ്ങളും നാവികസേനയ്ക്ക് കെൽട്രോൺ ആണ് നിർമ്മിച്ചു നൽകിയതെന്നും P രാജീവ് അവകാശപ്പെട്ടു.

✪✪✪

ഒരാഴ്ചയിലേറെ നീണ്ട ഇടവേളയ്ക്ക് ശേഷം IPL ക്രിക്കറ്റ് ഇന്ന് പുനഃരാരംഭിക്കും. ബംഗളൂരുവിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ വൈകിട്ട് ഏഴരയ്ക്ക് നേരിടും.

ഇന്ത്യ-പാകിസ്ഥാൻ സംഘർഷത്തെ തുടർന്ന് ഈ മാസം 9-നാണ് IPL താൽക്കാലികമായി നിർത്തിവെച്ചത്.

✪✪✪

സംസ്ഥാന കായിക വകുപ്പ് സംഘടിപ്പിക്കുന്ന 'കിക് ഡ്രഗ്സ്, സേ യെസ് ടു സ്പോർട്സ്' ലഹരിവിരുദ്ധ സന്ദേശയാത്രയുടെ ആലപ്പുഴ ജില്ലാപര്യടനം മന്ത്രി V അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മാരത്തോൺ വിജയികൾക്ക് സമ്മാനദാനവും നിർവഹിച്ചു.

✪✪✪

സാഫ് അണ്ടർ -19 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഫൈനലിൽ. മാൽഡീവ്സിനെ മറുപടിയില്ലാത്ത മൂന്ന് ഗോളിന് തകർത്താണ് ഇന്ത്യ ഫൈനൽ ബർത്ത് സ്വന്തമാക്കിയത്. അരുണാചലിലെ യൂപിയ ഗോൾഡൻ ജൂബിലി സ്റ്റേഡിയത്തിലായിരുന്നു മത്സരം. ഫൈനലിൽ നാളെ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. വൈകിട്ട് ഏഴിനാണ് മത്സരം.

✪✪✪

പയ്യന്നൂരിൽ അഖിലേന്ത്യാ വോളിബോൾ ടൂർണമെന്റ് വനിതാ വിഭാഗത്തിൽ വൈകിട്ട് കമ്പൈൻഡ് യൂണിവേഴ്സിറ്റി - ബംഗളൂരു ഇൻകം ടാക്സിനെ നേരിടും. പുരുഷ വിഭാഗം സെമിഫൈനലിൽ മുംബൈ സ്പൈക്കേഴ്സ് -ചെന്നൈ ഇൻകം ടാക്സിനെയും നേരിടും.

✪✪✪

അത് ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന ഇന്ത്യൻ ഗ്രാൻഡ് പ്രീ അത്-ലറ്റിക് മീറ്റിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. ഹർഡിൽസ്, ലോങ്ജമ്പ്, ട്രിപ്പിൾ ജമ്പ്, ജാവലിൻ, ഷോട്ട് പുട്ട് മത്സരങ്ങളിലായി 120 അത് ലറ്റുകൾ പങ്കെടുക്കും.

✪✪✪

കണ്ണൂർ കോർപ്പറേഷനെയും ചെമ്പിലോട് ഗ്രാമപഞ്ചായത്തിനെയും വേർതിരിക്കുന്ന ചാലത്തോടിനെ വീണ്ടെടുക്കുന്ന ശ്രമത്തിന് ഇന്ന് തുടക്കമാകും. ജനകീയ കൂട്ടായ്മയുടെ നേതൃത്വത്തിൽ തോടിനെ സംരക്ഷിക്കുന്നതിന് ശ്രമമാണ് നടത്തുന്നത്.

വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.

(വോയ്സ് ............)

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഇടിമിന്നലോട് കൂടി മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ അടുത്ത നാല് ദിവസം 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ട്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശിച്ചു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്,*
*News Team: നിമിഷ ജി*
*DEO: ഷീബ*